# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം പിൻ – 695035
Ph :0471 – 2302490 Fax: 0471 – 2303025/2303080
ഇ-മെയിൽ : dhskerala@gmail.com
വെബ്സൈറ്റ് :www.dhs.kerala.gov.in

എം.സി3-39569/2022/ആ.വ.ഡ

തീയതി: 04/07/2022

## വിജ്ഞാപനം

ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സ്ക്കൂളുകളിൽ ആരംഭിക്കുന്ന ഓക്സിലിയറി നേഴ്സിംഗ് ആന്റ് മിഡ് വൈഫ്സ് കോഴ്സിന്റെ പരിശീലനത്തിന് +2 അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായ പെൺകുട്ടികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

1. ജെ.പി.എച്ച്.എൻ ട്രയിനിംഗ് സെന്റർ, തൈക്കാട്, തിരുവനന്തപുരം
2. ജെ.പി.എച്ച്.എൻ ട്രയിനിംഗ് സെന്റർ, തലയോലപ്പറമ്പ്, കോട്ടയം
3. ജെ.പി.എച്ച്.എൻ ട്രയിനിംഗ് സെന്റർ, പെരിങ്ങോട്ടുകുറിശ്ശി, പാലക്കാട്
4. ജെ.പി.എച്ച്.എൻ ട്രയിനിംഗ് സെന്റർ, കാസർഗോഡ്

ആകെ സീറ്റുകളുടെ എണ്ണം 130, ഇതിൽ 65% മെറിറ്റടിസ്ഥാനത്തിലും 35% സംവരണാടിസ്ഥാനത്തിലും പ്രവേശനം അനുവദിക്കുന്നതാണ്. അപേക്ഷകർക്ക് 2022 ഡിസംബർ 31 –ാം തീയതി 17 വയസ്സ് തികഞ്ഞിരിക്കേണ്ടതും, 30 വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു. പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വയസ്സും പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് 5 വയസ്സും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കാവുന്നതാണ്. അപേക്ഷകർ മലയാളം എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കണം.

ആശാവർക്കേഴ്സിന് 2 സീറ്റുകളും പാരാമിലിറ്ററി/എക്സ്പാരാമിലിറ്ററി സർവ്വീസുകാരുടെ ആശ്രിതർക്ക് ഒരു സീറ്റും സംവരണം ചെയ്തിട്ടുണ്ട്.

അപേക്ഷാഫോമും, പ്രോസ്പെക്ടസും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ (www.dhskerala.gov.in) ലഭ്യമാണ്. അപേക്ഷാഫീസ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 75/- രൂപയും ജനറൽ വിഭാഗത്തിന് 200/- രൂപയുമാണ്. പൂരിപ്പിച്ച അപേക്ഷകൾ, നിശ്ചിത അപേക്ഷാഫീസ് 0210-80-800-88 എന്ന ശീർഷകത്തിൽ ട്രഷറിയിലടച്ച രസീത് സഹിതം 30.07.2022 വൈകുന്നേരം വൈകുന്നേരം 5 മണിയ്ക്കകം ബന്ധപ്പെട്ട ട്രയിനിംഗ് സെന്റർ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

വിശദവിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, ജില്ലാമെഡിക്കൽ ആഫീസ്, മേൽസൂചിപ്പിച്ച പരിശീലനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്.

വിശ്വസ്തതയോടെ

ആരോഗ്യവകുപ്പ് ഡയറക്ടർ

## കേരള സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
## തിരുവനന്തപുരം
## ഓക്സിലിയറി നഴ്സ് & മിഡ്വൈഫ്സ് കോഴ്സിന്റെ
## 2022 -ലെ പ്രോസ്പെക്ടസ്

1. കേരളത്തിലെ ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള തിരുവനന്തപുരം, കോട്ടയം, പാലക്കാട്, കാസർഗോഡ് എന്നീ നാല് ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് ട്രെയിനിംഗ് സെന്ററുകളിൽ 2022 വർഷത്തിൽ ആരംഭിക്കുന്ന ഓക്സിലിയറി നഴ്സ് & മിഡ് വൈഫ് പരിശീലനത്തിന് നിശ്ചിത യോഗ്യതയുള്ള പെൺകുട്ടികളിൽ നിന്ന് മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. പ്രോസ്പെക്ടസും അപേക്ഷാഫാറവും **www.dhs.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ബന്ധപ്പെട്ട സെന്ററുകളിൽ 30.07.2022 **വൈകുന്നേരം 5 മണി** വരെ സ്വീകരിക്കുന്നതാണ്.

2. ആകെയുള്ള 4 പരിശീലന കേന്ദ്രങ്ങളിൽ തിരുവനന്തപുരം – തൈക്കാടുള്ള സ്കൂളിൽ പട്ടികജാതി / പട്ടികവർഗ്ഗക്കാരെ മാത്രം തെരഞ്ഞെടുക്കുന്നതാണ്. അവശേഷിക്കുന്ന മൂന്ന് സ്കൂളുകളിൽ മെറിറ്റടിസ്ഥാനത്തിലും സംവരണാടിസ്ഥാനത്തിലും സംയുക്തമായി തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

3. ഓരോ സെന്ററിനും അനുവദിച്ചിട്ടുള്ള സീറ്റുകളിലേക്ക് ഏതെല്ലാം ജില്ലയിൽ നിന്നുള്ളവരാണ് അപേക്ഷിക്കേണ്ടത്, ആ ജില്ലകൾക്ക് അനുവദിച്ചിട്ടുള്ള സീറ്റുകൾ എത്രയാണ് എന്നിവ താഴെ കൊടുക്കുന്നു.

**(a) ജൂനിയർ പി.എച്ച്.എൻ. ട്രെയിനിംഗ് സെന്റർ, തലയോലപ്പറമ്പ്, കോട്ടയം – 25**

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | – | 10 |
| 2. | കൊല്ലം | – | 7 |
| 3. | പത്തനംതിട്ട | – | 3 |
| 4. | കോട്ടയം | – | 5 |

**(b) ജൂനിയർ പി.എച്ച്.എൻ. ട്രെയിനിംഗ് സെന്റർ, പെരിങ്ങോട്ടുകുറിശ്ശി, പാലക്കാട് – 50**

| | | | |
|---|---|---|---|
| 1. | ഇടുക്കി | – | 4 |
| 2. | ആലപ്പുഴ | – | 6 |
| 3. | എറണാകുളം | – | 10 |
| 4. | തൃശൂർ | – | 9 |
| 5. | പാലക്കാട് | – | 9 |
| 6. | മലപ്പുറം | – | 12 |

**(c) ജൂനിയർ പി.എച്ച്.എൻ. ട്രെയിനിംഗ് സെന്റർ, കാസർഗോഡ്– 25**

| | | | |
|---|---|---|---|
| 1.. | കോഴിക്കോട് | – | 10 |
| 2. | കണ്ണൂർ | – | 8 |
| 3. | വയനാട് | – | 3 |
| 4. | കാസർഗോഡ് | – | 4 |
| **ആകെ സീറ്റുകൾ** | | – | 100 |

4. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള തിരുവനന്തപുരം തൈക്കാട് ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സസ് ട്രെയിനിംഗ് സെന്ററിലേക്ക് അപേക്ഷകൾ അയക്കുന്നവർ ഈ സെന്ററിലേക്ക് തന്നെ അയക്കേണ്ടതാണ്. **(അപേക്ഷ അയയ്ക്കേണ്ട വിലാസം : പ്രിൻസിപ്പാൾ, ജൂനിയർ പബ്ലിക് ഹെൽത്ത് ട്രയിനിംഗ് സെന്റർ, തൈക്കാട്, തിരുവനന്തപുരം Ph: 0471 2330782).** ടി സെന്ററിലേക്ക് ഓരോ ജില്ലയ്ക്കും നീക്കിവച്ചിട്ടുള്ള പട്ടികജാതി / പട്ടികവർഗ്ഗ സീറ്റുകളിലേക്ക് അതാത് ജില്ലകളിൽ നിന്നും അപേക്ഷകൾ ഇല്ലെങ്കിൽ ആയതിന്റെ സംസ്ഥാനാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി അതിൽ കൂടുതൽ മാർക്കുള്ള / ഗ്രേഡുള്ള അതാത് കാറ്റഗറിയിൽ നിന്നുള്ള കുട്ടിക്ക് അഡ്മിഷൻ നൽകുന്നതാണ്. സീറ്റുകളുടെ എണ്ണം 30 ആണ്.

5. കോട്ടയം, പാലക്കാട്, കാസർഗോഡ് എന്നീ സെന്ററുകളിലെ 100 സീറ്റുകളിൽ 65% മെറിറ്റടിസ്ഥാനത്തിലും, 35% സംവരണാടിസ്ഥാനത്തിലും നികത്തുന്നതാണ്.

മെറിറ്റടിസ്ഥാനത്തിലുള്ള സീറ്റുകളിൽ ഓരോ സെന്ററിനും ഓരോന്നുവീതം സംസ്ഥാന സൈനിക നാവിക വൈമാനിക ബോർഡ് ശുപാർശ ചെയ്യുന്ന എക്സ് സർവീസുകാരുടെയും പ്രതിരോധ സേനയിൽ സേവനത്തിലിരിക്കവെ മരണമടഞ്ഞവരുടെയും ആശ്രിതരായ സ്ത്രീ അപേക്ഷകർക്ക് നീക്കിവച്ചിരിക്കുന്നു.

6. മെറിറ്റടിസ്ഥാനത്തിലുള്ള സീറ്റുകളിൽ രണ്ട് സീറ്റ് ജുവനൈൽ ഹോമിലേയും, സർക്കാർ അംഗീകൃത അനാഥമന്ദിരങ്ങളിലേയും അന്തേവാസികൾക്കായി സംവരണം ചെയ്തിരിക്കുന്നു. സീറ്റുകൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഓരോ ജില്ലയ്ക്കും നൽകുന്നതാണ്. പ്രസ്തുത സീറ്റുകൾ ഈ വർഷം കോട്ടയം. കണ്ണൂർ ജില്ലകൾക്കായി നീക്കിവച്ചിരിക്കുന്നു. മേൽ സീറ്റിലേക്കുള്ള അപേക്ഷകൾ സാമൂഹ്യ ക്ഷേമവകുപ്പിന്റെ ശുപാർശയോടുകൂടി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ,കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ അപേക്ഷകർ പ്രിൻസിപ്പാൾ, ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്റർ, തലയോലപ്പറമ്പ്, കോട്ടയം എന്ന വിലാസത്തിലും, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ അപേക്ഷകർ ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്റർ, കാസർഗോഡ് എന്ന വിലാസത്തിലുമാണ് അപേക്ഷിക്കേണ്ടത്. ഈ വിഭാഗത്തിൽ നിന്നും യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ ഈ സീറ്റുകൾ ജനറൽ മെറിറ്റ് ക്വാട്ടയിലുള്ള സീറ്റായി പരിഗണിച്ച് പ്രവേശനം നൽകുന്നതാണ്.

7. മെറിറ്റടിസ്ഥാനത്തിലുള്ള സീറ്റുകളിൽ ഒരു സീറ്റ് പാരാമിലിറ്ററി / എക്സ് പാരാമിലിറ്ററി സർവീസുകാരുടെ ആശ്രിതരായ സ്ത്രീ അപേക്ഷകർക്ക് വേണ്ടി നീക്കിവച്ചിരിക്കുന്നു. ഈ സീറ്റ് ഓരോ ജില്ലയ്ക്കും റൊട്ടേഷൻ അടിസ്ഥാനത്തിൽ നൽകുന്നതാണ്. 2022–ലെ പ്രവേശനത്തിനുള്ള പ്രസ്തുത സീറ്റ് എറണാകുളം ജില്ലയ്ക്കാണ് നീക്കിവെച്ചിരിക്കുന്നത്. ആയതിനുള്ള അപേക്ഷകൾ പ്രിൻസിപ്പാൾ, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സസ് ട്രെയിനിംഗ് സെന്റർ, പെരിങ്ങോട്ടുകറിശ്ശി, പാലക്കാട് എന്ന വിലാസത്തിൽ 10.08.2022 നകം അയയ്ക്കേണ്ടതാണ്.

പാരാമിലിറ്ററി കാറ്റഗറിയിൽ ഉൾപ്പെടുന്ന സേനാവിഭാഗങ്ങൾ താഴെ കൊടുക്കുന്നു.

1. ആസ്സാം റൈഫിൾസ്
2. ബി.എസ്.എഫ്
3. സി.ആർ.പി.എഫ്
4. ഐ.ടി.ബി.പി
5. ആർ.പി.എഫ്
6. സെൻട്രൽ സെക്രട്ടറിയേറ്റ് ഫോഴ്സ്
7. സി.ഐ.എസ്.എഫ്
8. ജി.ആർ.ഇ.എഫ്

സേവന രംഗത്തുള്ളവർ അതു തെളിയിക്കുന്നതിനായി അവരുടെ മേലധികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റും സേവനത്തിൽ നിന്നും വിരമിച്ചവർ വിടുതൽ സർട്ടിഫിക്കറ്റും അപേക്ഷകയ്ക്ക് വിമുക്ത ഭടനുമായുള്ള ബന്ധം കാണിക്കുന്ന സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ടി അപേക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് / ഗ്രേഡ് നേടിയ കുട്ടിക്ക് പ്രവേശനം നൽകുന്നതാണ്. ടി സീറ്റുകളിലേക്കുള്ള പ്രവേശനം സർക്കാരിന്റെ അന്തിമ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും.

8. മെറിറ്റടിസ്ഥാനത്തിൽ നികത്തേണ്ട സീറ്റുകളിൽ 2 സീറ്റുകൾ ആശാവർക്കേഴ്സിനായി മാറ്റിവച്ചിരിക്കുന്നു. അപേക്ഷകൾ സംസ്ഥാനാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്.

   1. യോഗ്യതയുള്ള ആശ വർക്കേഴ്സിന്റെ അപേക്ഷകൾ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ (നാഷണൽ ഹെൽത്ത് മിഷൻ) ശുപാർശ ചെയ്ത് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി അയയ്ക്കേണ്ടതാണ്. അയയ്ക്കേണ്ട മേൽവിലാസം : ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, വഞ്ചിയൂർ, തിരുവനന്തപുരം
   2. അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), അഡീഷണൽ ഡയറക്ടർ (ഫാമിലി വെൽഫെയർ), അഡീഷണൽ ഡയറക്ടർ (നേഴ്സിംഗ് സർവ്വീസസ്) എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയായിരിക്കും സെലക്ഷൻ നടത്തുന്നത്.

9. തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ ഉള്ളവർ ജൂനിയർ പി.എച്ച്.എൻ ട്രെയിനിംഗ് സെന്റർ കോട്ടയത്തും, ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ഉള്ളവർ പാലക്കാട് ജൂനിയർ പി.എച്ച്.എൻ ട്രെയിനിംഗ് സെന്ററിലും

കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഉള്ളവർ കാസർഗോഡ് ജൂനിയർ പി.എച്ച്.എൻ ട്രെയിനിംഗ് സെന്ററിലും അപേക്ഷ നൽകേണ്ടതാണ്.

അപേക്ഷാ ഫോറവും, ഫീസും

10. അപേക്ഷാ ഫോറം **www.dhs.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. അത് ഡൗൺലോഡ്ചെയ്ത് പൂരിപ്പിച്ച് നിശ്ചിത സമയത്തിനുള്ളിൽ നിശ്ചിത സ്കൂളിൽ സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെട്ടവർ 75 രൂപയും മറ്റുള്ളവർ 200 രൂപയും 0210-80-800-88 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് ചെലാൻ സമർപ്പിക്കേതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർ തൈക്കാട് ട്രെയിനിംഗ് സെന്ററിനുപുറമേ മറ്റ് സെന്ററുകളിലും അപേക്ഷിക്കുന്ന പക്ഷം പ്രത്യേകം ചെലാൻ അടച്ച് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

11. പൂരിപ്പിച്ച അപേക്ഷകൾ അതാത് ജില്ലകൾക്ക് അനുവദിച്ചിട്ടുള്ള ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്ററിലെ പ്രിൻസിപ്പൽമാർക്ക് മാത്രമേ അയയ്ക്കുവാൻ പാടുള്ളൂ.

12. പരിശീലനം 2 വർഷമായിരിക്കും.

13. കോഴ്സ് വിജയകരമായി പൂർത്തിയാക്കാത്ത ഉദ്യോഗാർത്ഥികൾ തുടർന്ന് വരുന്ന നാല് വർഷത്തിനുള്ളിൽ തന്നെ പരീക്ഷ എഴുതി പാസ്സാകേണ്ടതാണ്.

<u>അപേക്ഷകർ താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കേതാണ്.</u>

വിദ്യാഭ്യാസ യോഗ്യത

14. അപേക്ഷകർ +2 / പ്രീഡിഗ്രി അല്ലെങ്കിൽ കേരളാ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള തത്തുല്യമായ പരീക്ഷകൾ പാസ്സായിരിക്കണം. ആകെ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ മെറിറ്റ് നിശ്ചയിക്കുന്നതാണ്. അപേക്ഷകർ മലയാളം വായിക്കാനും എഴുതാനും അറിഞ്ഞിരിക്കണം.

15. ഒന്നിലധികം പേർക്ക് ഒരേ മാർക്ക് / ഗ്രേഡ് ലഭിച്ചാൽ +2 സയൻസ് പഠിച്ച അപേക്ഷകയ്ക്ക് മുൻഗണന നൽകുന്നതാണ്. എന്നിട്ടും തുല്യത വന്നാൽ +2 ഇംഗ്ലീഷ് ഭാഷയുടെ മാർക്കിന്റെ / ഗ്രേഡിന്റെ അടിസ്ഥാനത്തിലും, വീണ്ടും തുല്യത വന്നാൽ അപേക്ഷകയുടെ ഉയർന്ന പ്രായത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കു ന്നതായിരിക്കും.

പ്രായപരിധി

16. അപേക്ഷകർക്ക് 2022 ഡിസംബർ 31-ാം തിയതി 17 വയസ്സ് തികഞ്ഞിരിക്കേതും 30 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്. പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വയസ്സും പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് 5 വയസ്സും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.

17. ഓരോ ജില്ലയ്ക്കും നീക്കിവച്ചിട്ടുള്ള സീറ്റുകളിൽ ഒരു കാരണവശാലും മാറ്റം വരുത്തുന്നതല്ല. അപേക്ഷകരെ ഏത് സ്കൂളിലേക്കാണോ തെരഞ്ഞെടുത്ത് അയയ്ക്കുന്നത് അവിടെ തന്നെ പഠിക്കേതാണ്. പരിശീലനകാലത്ത് സ്ഥലമാറ്റം അനുവദിക്കുകയോ അതിനുള്ള അപേക്ഷകൾ പരിഗണിക്കുകയോ ചെയ്യുന്നതല്ല.

18. എസ്.എസ്.എൽ.സി / എസ്.എസ്.സി തുടങ്ങിയ സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജില്ല അപേക്ഷിക്കുന്ന ജില്ലയിൽ നിന്നും വ്യത്യസ്തമാണെങ്കിൽ അപേക്ഷിക്കുന്ന ജില്ലയിൽ 5 വർഷം സ്ഥിരം താമസിക്കുന്നവർക്ക് പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. അത്തരം അപേക്ഷകർ വില്ലേജ് ഓഫീസർ/തഹസിൽദാരുടെ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

19. മെറിറ്റടിസ്ഥാനത്തിലുള്ള സീറ്റുകളിൽ 5% സീറ്റുകൾ 40 മുതൽ 50 ശതമാനം വരെ ചലനവൈകല്യമുള്ളവർക്കായി മാറ്റിവച്ചിരിക്കുന്നു. ഈ അപേക്ഷകൾ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, വഞ്ചിയൂർ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. ഡയറക്ടറേറ്റിൽ നിന്നും അതാത് സെന്ററുകളിലേയ്ക്ക് പ്രവേശനം അനുവദിക്കുന്നതാണ്. അപേക്ഷകർ ഇല്ലാത്ത പക്ഷം മേൽസീറ്റുകൾ ജനറൽ മെറിറ്റിൽ നിന്നും നികത്തുന്നതാണ്.

<u>മറ്റു വ്യവസ്ഥകൾ</u>

20. ഇന്ത്യൻ യൂണിയനിലെ പൗരനായിരിക്കണം. ഇന്ത്യൻ പ്രതിരോധസേന/പ്രകൃതിദുരന്തങ്ങൾ/ മഹാമാരികൾ എന്നിവയുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിക്കാൻ സന്നദ്ധരായിരിക്കണം.

21. എസ്.എസ്.എൽ.സിക്ക് മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്ത അപേക്ഷകർ മലയാളം എഴുതുവാനും വായിക്കുവാനും കഴിയുമെന്നതിന് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

22. വയസ്സ്, പരീക്ഷായോഗ്യത, മാർക്ക് / ഗ്രേഡ് എന്നിവ തെളിയിക്കുന്നതിന് അസ്സൽ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്. ഇന്റർവ്യൂ സമയത്ത് അസ്സൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

23. സംവരണത്തിന് അർഹരായവർ അത് ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം ജാതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി യുടെ ബന്ധപ്പെട്ട പേജ് സ്വയം സാക്ഷ്യപ്പെടുത്തിയതും, രക്ഷകർത്താവിന്റെ വരുമാനം തെളിയിക്കുന്നതിന് റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പും അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും. ഇന്റർവ്യൂ സമയത്ത് ജാതിയും രക്ഷകർത്താവിന്റെ കുടുംബ വരുമാനം തെളിയിക്കുന്ന റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റും (അസ്സൽ) ഹാജരാക്കേണ്ടതാണ്.

24. ആംഗ്ലോ ഇന്ത്യൻ / ലത്തീൻ കത്തോലിക്കകാർക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റ് ലഭിക്കേണ്ടവർ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തന്നെ ഹാജരാക്കേണ്ടതാണ്.

25. പട്ടികജാതിക്കാർക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾക്ക് വേണ്ടത്ര അപേക്ഷകർ ഇല്ലെങ്കിൽ അത് പട്ടികവർഗ്ഗക്കാർക്കും, പട്ടികവർഗ്ഗക്കാരുടെ സീറ്റുകൾക്ക് വേണ്ടത്ര അപേക്ഷകർ ഇല്ലെങ്കിൽ അത് പട്ടികജാതിക്കാർക്കും നൽകുന്നതാണ്.

26. സംവരണ സമുദായത്തിന് നീക്കിവച്ച സീറ്റുകൾക്ക് സമുദായത്തിൽ നിന്നും അർഹതപ്പെട്ട അപേക്ഷകർ ഇല്ലെങ്കിൽ പ്രസ്തുത സീറ്റിലേക്ക് മെറിറ്റടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

27. വിമുക്തഭടന്മാരുടെയും യുദ്ധത്തിൽ മരണമടഞ്ഞവരോ കാണാതായവരോ ആയ സൈനികരുടെയും മക്കൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള സീറ്റ് ലഭിക്കുന്നതിന് അർഹതപ്പെട്ടവർ അപേക്ഷയുടെ ഒരു പകർപ്പ് ബന്ധപ്പെട്ട സെന്ററിലേക്കും മറ്റൊരു പകർപ്പ് സംസ്ഥാന സൈനിക ബോർഡ് സെക്രട്ടറിക്കും നൽകേതാണ്. സംസ്ഥാന സൈനിക ബോർഡ് ശുപാർശ ചെയ്യുന്നവരെ മാത്രമേ ഇത്തരം സീറ്റുകളിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിലായിരിക്കും സീറ്റ് നിശ്ചയിക്കുക. സൈനിക ബോർഡിന്റെ ശുപാർശ 10.08.2022 നു മുൻപായി അതാത് സെന്ററുകളിൽ ലഭിച്ചിരിക്കേണ്ടതാണ്. താമസിച്ചു കിട്ടുന്ന അപേക്ഷയോ ശുപാർശയോ പരിഗണിക്കുന്നതല്ല.

28. മാർക്കിന്റെ / ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ സെലക്ഷൻ ലിസ്റ്റിൽ ഉൾപ്പെടുന്നതും ഓരോ സെന്ററുകളിലേക്കും താൽക്കാലികമായി തെരഞ്ഞെടുക്കപ്പെട്ടവരായ വിദ്യാർത്ഥികളെ സെലക്ഷൻ കമ്മിറ്റിയുടേയോ ആരോഗ്യവകുപ്പ് ഡയറക്ടറുടെയോ നിർദ്ദേശമനുസരിച്ച് മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതും അതിൽ തൃപ്തികരമായി കാണുന്നവരെ തെരഞ്ഞെടുക്കുന്നതുമാണ്. അവസാന തെരഞ്ഞെടുപ്പ് മെഡിക്കൽ പരിശോധന കൂടാതെ സർട്ടിഫിക്കറ്റുകളുടെ അസ്സലുമായി ഒത്തുനോക്കലിനും വിധേയമായിരിക്കും.

29. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 500/- രൂപ പ്രതിമാസം സ്റ്റൈപ്പെൻഡ് നൽകുന്നതാണ്. പരിശീലനശേഷം സർക്കാർ ആവശ്യപ്പെടുന്ന പക്ഷം 2 വർഷം സേവനം ചെയ്തു കൊള്ളാമെന്ന കുട്ടിയും രക്ഷകർത്താവും 500 രൂപയുടെ മുദ്രപത്രത്തിൽ എഴുതി നൽകേണ്ടതാണ്. അഡ്മിഷൻ പൂർത്തിയാകുന്ന തീയതിക്കുശേഷം സ്വയം വിദ്യാഭ്യാസം അവസാനിപ്പിക്കുന്നവർ 10,000/- രൂപ (പതിനായിരം) യും സർക്കാരിന് ഉണ്ടാകുന്ന മറ്റ് നഷ്ടവും ഒടുക്കേണ്ടതാണ്.

30. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ അതാത് സെന്ററിലേയും ഹോസ്റ്റലുകളിലേയും നിയമങ്ങളും പെരുമാറ്റച്ചട്ടങ്ങളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്.

31. സ്ഥാപനത്തിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ കോഴ്സിൽ നിന്നും പിരിച്ചുവിടുന്നതായിരിക്കും.

32. തെരഞ്ഞെടുക്കപ്പെടുന്നവർ കേരളാ നഴ്സസ് ആന്റ് മിഡ് വൈഫ് കൗൺസിലിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി 500/- രൂപ മറ്റു ഫീസുകൾക്കു പുറമേ ഒടുക്കേണ്ടതാണ്. കൂടാതെ തെരഞ്ഞെടുക്കപ്പെടുന്നവർ കാഷൻ ഡിപ്പോസിറ്റായി 500/- രൂപ പ്രവേശന ദിവസം തന്നെ ഒടുക്കേണ്ടതാണ്. പ്രസ്തുത തുക ബാധ്യതയില്ലാതെ കോഴ്സ് അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതായിരിക്കും. പട്ടികജാതി / പട്ടികവർഗ്ഗക്കാരെ കാഷൻ ഡിപ്പോസിറ്റും, കേരളാ നഴ്സസ് ആന്റ് മിഡിവൈഫ്സ് രജിസ്ട്രേഷൻ തുകയും ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

33. തെരഞ്ഞെടുപ്പ് കഴിയുന്നമുറയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ പട്ടിക അതാത് ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്ററുകളിൽ പ്രസിദ്ധീകരിക്കപ്പെടുന്നതാണ്.

34. അപേക്ഷകരുടെഒപ്പില്ലാത്തതോ ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഉള്ളടക്കം ചെയ്യാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷയോടൊപ്പം ഉള്ള സർട്ടിഫികറ്റുകളും ചെല്ലാനും മറ്റും നഷ്ടപ്പെടാതിരിക്കാൻ ടയിൻ കൊണ്ട് ബന്ധിച്ച് സമർപ്പിക്കേതാണ്. കവറിനുപുറത്ത് "എ.എൻ.എം കോഴ്സിനുള്ള അപേക്ഷ" എന്ന് രേഖപ്പെടുത്തേതാണ്.

35. ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ നിശ്ചയിക്കുന്ന തീയതിക്ക് ശേഷമുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതല്ല.

<u>അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകളുടെ പകർപ്പുകൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.</u>

1. S.S.L.C സർട്ടിഫിക്കറ്റ്/Birth സർട്ടിഫിക്കറ്റ്
2. Plus Two അഥവാ തത്തുല്ല്യ യോഗ്യതാ സർട്ടിഫിക്കറ്റ് (ആവശ്യമുള്ളവർ Equilancy Certificate ഹാജരാക്കുക)
3. ജാതി / വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ആവശ്യമുള്ളവർ)
4. Disability Certificate
5. Original Chalan Receipt
6. ജില്ല മാറ്റം ഉണ്ടെങ്കിൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

**<u>അപേക്ഷകൾ അയയ്ക്കേണ്ട വിലാസം</u>**

1. പ്രിൻസിപ്പാൾ
   ജൂനിയർ പി.എച്ച്.എൻ ട്രയിനിംഗ് സെന്റർ, തലയോലപ്പറമ്പ്, കോട്ടയം, PH:04829 237520
   (തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട, കോട്ടയം ജില്ലകളിലെ അപേക്ഷകർ)

2. പ്രിൻസിപ്പാൾ
   ജൂനിയർ പി.എച്ച്.എൻ. ട്രയിനിംഗ് സെന്റർ, പെരിങ്ങോട്ടുകുറിശ്ശി, പാലക്കാട്, PH:04922-217241
   (ഇടുക്കി, ആലപ്പുഴ,എറണാകുളം,തൃശൂർ,പാലക്കാട്,മലപ്പുറം ജില്ലകളിലെ അപേക്ഷകർ)

3. പ്രിൻസിപ്പാൾ
   ജൂനിയർ പി.എച്ച്.എൻ. ട്രയിനിംഗ് സെന്റർ, കാസർഗോഡ് PH:04994-227613
   (കോഴിക്കോട്,കണ്ണൂർ,,വയനാട്, കാസർഗോഡ് ജില്ലകളിലെ അപേക്ഷകർ)

4/7/22

ആരോഗ്യ വകുപ്പ് ഡയറക്ടർ

# ഓക്സിലിയറി നഴ്സിംഗ് & മിഡ്‌വൈഫറി കോഴ്സ്

## പ്രവേശനത്തിനുള്ള അപേക്ഷാ ഫാറം – 2022

1. അപേക്ഷകയുടെ പേര് :
2. വയസ്സും ജനനതീയതിയും :
3. ഇപ്പോഴത്തെ മേൽവിലാസം :
4. ഫോൺ നമ്പരുകൾ :
5. രക്ഷകർത്താവിന്റെ പേര്, സ്ഥിരമായ മേൽവിലാസം, അപേക്ഷകയുമായുള്ള ബന്ധം :
6. അപേക്ഷകയുടെ സ്വന്തം ജില്ല :
7. എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള സ്വന്തം ജില്ല :
8. മതവും ജാതിയും :
    1. പിന്നോക്ക സമുദായത്തിൽ ഉൾപ്പെട്ടതാണോ :
    2. പട്ടികജാതിയോ പട്ടികവർഗ്ഗമോ എന്ന വിവരം :
9. വിദ്യാഭ്യാസ യോഗ്യത :
10. പ്ലസ് ടു വിനോ (+2) / തത്തുല്യ പരീക്ഷയ്ക്കോ ലഭിച്ച മാർക്ക് / ഗ്രേഡ് :

| ക്രമ നമ്പർ | വിഷയം | ആകെ മാർക്ക് | ലഭിച്ച മാർക്ക് | ഗ്രേഡ് |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |
| 8 | | | | |
| 9 | | | | |
| 10 | | | | |
| 11 | | | | |
| 12 | | | | |
| ആകെ | | | | |

11. അപേക്ഷക പഠിച്ച ഒന്നാം ഭാഷ / ഭാഷകൾ :

12. മുമ്പ് ഏതെങ്കിലും സ്കൂളിൽ നിന്നോ ജോലിയിൽ നിന്നോ നീക്കം ചെയ്തിട്ടുണ്ടോ :

13. അപേക്ഷാ ഫീസ് അടച്ചെങ്കിൽ അതിന്റെ വിവരം :

1. അടച്ച തുക :
2. ട്രഷറിയുടെ പേര് :
3. രസീത് നമ്പരും തീയതിയും :

14. അപേക്ഷ സമർപ്പിക്കുന്ന സെന്ററിന്റെ മേൽവിലാസം :

15. അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ :

1. വയസ്സും ജനനതീയതിയും തെളിയിക്കൽ : ഉണ്ട്/ ഇല്ല
2. പ്ലസ്സ് ടു (+2) മാർക്ക് ലിസ്റ്റ് : ഉണ്ട് / ഇല്ല
3. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് : ഉണ്ട്/ ഇല്ല
4. കുടുംബ വരുമാന സർട്ടിഫിക്കറ്റ് : ഉണ്ട് / ഇല്ല
5. അപേക്ഷാ ഫീസ് അടച്ച ചെല്ലാൻ : ഉണ്ട്/ ഇല്ല

ഞാൻ ........................................................................................................................ മേൽ കാണിച്ചിരിക്കുന്ന വസ്തുതകളെല്ലാം ശരിയാണെന്നും ഇതിൽ ഉൾകൊള്ളിച്ചിരിക്കുന്ന സർട്ടിഫിക്കറ്റുകളെല്ലാം എന്റെ കൈവശമുള്ള സർട്ടിഫിക്കറ്റുകളുടെ ശരിപ്പകർപ്പാണെന്നും, എനിക്ക് അംഗവൈകല്യമില്ലെന്നും പരിശീലന കേന്ദ്രങ്ങളിൽ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി പഠനം പൂർത്തിയാക്കിക്കൊള്ളാമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

സ്ഥലം : **(അപേക്ഷകയുടെ ഒപ്പ്)**

തീയതി : **രക്ഷകർത്താവിന്റെ ഒപ്പ്**